# ഒരു വർഷം നീണ്ടുനിൽക്കുന്ന അന്വേഷണ വൈദഗ്ദ്ധ്യ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു




എറണാകുളം റൂറൽ ജില്ലാ പോലീസിന്റെയും, എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കായി നടത്തുന്ന അന്വേഷണ വൈദഗ്ദ്ധ്യ പരിശീലന പരിപാടി ഇന്ന് ജില്ലാ പോലീസ് ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് എറണാകുളം ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് ബഹു. ഡോ.കൗസർ എടപ്പഗത്ത് ഉദ്ഘാടനം ചെയ്തു. ഉത്ഘാടനപ്രസംഗത്തിൽ പോലീസിൻറെ അന്വേഷണത്തിൽ പ്രഫഷണലിസം കൊണ്ടുവരേണ്ടതിൻറെ ആവശ്യകതയേകുറിച്ചും, ആയതിന് ഇത്തരം പരിശീലനത്തിൻറെ പ്രാധാന്യത്തെകുറിച്ചും അദ്ദേഹം സംസാരിച്ചു.

എറണാകുളം റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും ഹർട്ട് ആൻറ് ഹോമിസൈഡ് വിഭാഗത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ റെഡ് ക്യാപ്പ് എന്നും, പ്രോപ്പർട്ടി കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ ബ്ലൂ ക്യാപ്പ് എന്നും, സാമ്പാത്തിക കുറ്റകൃത്യങ്ങളിൽ വരുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന

ഉദ്യോഗസ്ഥരെ വൈറ്റ് ക്യാപ്പ് എന്നും തരം തിരിച്ചാണ് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നത്. പോലീസിൻറെ കുറ്റാഅന്വേഷണ മികവിലൂടെ മാത്രമെ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകുന്നതിന് കോടതിക്ക് കഴിയുകയുള്ളു എന്ന് എറണാകുളം റൂറൽ അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. എം.ജെ സോജൻ അദ്ധ്യക്ഷപ്രസംഗത്തിൽ അഭിപ്രായപ്പട്ടു.

ഡി സി ആർ ബി ഡി വൈ എസ് പി ശ്രീ.റെജി.പി.എബ്രഹാം സ്വാഗതം ആശംസിച്ച ചടങ്ങിൽ എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജുംമായ ശ്രീമതി. ശാലീനി.വി.ജി.നായർ മുഖ്യപ്രഭാഷണം നടത്തി. താലൂക്ക് ലീഗൽ സർവ്വീസ് അതോരിറ്റി ചെയർ പേഴ്സണും മുൻസീഫ് മജിസ്ട്രേറ്റുമായ ശ്രീമതി സിന്ധു.തങ്കം, ആലുവ ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-1 ശ്രീ ബി.ബിശ്വജിത്ത്, ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-2 ശ്രീമതി എൽസ.കാതറിൻ.ജോർജ്, ആലുവ ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ.സലീംകുമാർ.എം.കെ, സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി ആർ.റാഫി, ആലുവ ഡി വൈ എസ് പി ജി.വേണു എന്നിവർ ചടങ്ങിൽ സംബന്ധിച്ചു

എറണാകുളം റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നുമുള്ള 105 ഓളം പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്ത ഇന്നത്തെ ക്ലാസ് നയിച്ചത് എം.പി ആൻറ് എം.എൽ.എ കേടതി അസിസ്റ്റൻറ് പബ്ലിക് പ്രോസീകൂട്ടർ ശ്രീ ആരോമലുണ്ണി.എം.എസ് ആയിരുന്നു.